പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 255

# 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 255

# 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

19/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 255

# 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 നവംബർ 23-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിന്റെ (ഐ എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ അതിന്റെ അംഗങ്ങൾക്കും വ്യക്തികൾക്കും വായ്പ നല്കുന്നതിന് ഫണ്ട് സമാഹരിക്കുകയെന്ന പ്രധാന ഉദ്ദേശ്യമുള്ളതും ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, അങ്ങനെയുള്ള റവന്യൂ ജില്ലയിൽ ആസ്ഥാനമുള്ള ഏതൊരു തരത്തിലുംപെട്ട പ്രാഥമിക സംഘങ്ങളും ഫെഡറൽ സഹകരണ സംഘങ്ങളും കേന്ദ്ര സംഘങ്ങളും അതിന്റെ അംഗങ്ങളായുള്ളതും 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉള്ളതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു;".

3. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ, മൂന്നാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാലും ഒരു ജില്ലാ സഹകരണ ബാങ്കിന് അതിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന ഏതൊരു വ്യക്തിഗത നിക്ഷേപകനെയോ ഏതൊരു വായ്പക്കാരനെയോ അതിന്റെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്.".

4. 80 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80 എ വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) "സംഘങ്ങളിലെ ജീവനക്കാർക്കും" എന്ന വാക്കുകൾക്കുശേഷം, "ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം രൂപീകരിച്ച ബോർഡുകളിലെ ജീവനക്കാർക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) "അല്ലെങ്കിൽ ബോർഡുകൾ" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2013-ലെ 55) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും 2013 ജൂൺ 30-ന് മുമ്പായി ഏറ്റവും കുറഞ്ഞത് 4% CRAR (Capital to Risk Weighted Asset Ratio) ഉറപ്പാക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ഭാരതീയ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നു. ഏറ്റവും കുറഞ്ഞത് 4% CRAR കൈവരിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും 1969-ലെ കേരള സഹകരണ സംഘ ആക്റ്റി (1969-ലെ 21)-ന്റെ 2-ാം വകുപ്പിലെ (ഐ എ) ഖണ്ഡത്തിൽ 'ജില്ലാ സഹകരണ ബാങ്ക്' എന്ന നിർവ്വചനത്തിലും 18-ാം വകുപ്പിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്.

2. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ഒരു പെൻഷൻ ഫണ്ട് ഏർപ്പെടുത്തുന്നതിന് സർക്കാർ, പ്രസ്തുത ആക്റ്റിലെ 80 എ വകുപ്പ് പ്രകാരം ഒരു സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 1969-ലെ കേരള സഹകരണ സംഘ ആക്റ്റിന്റെ വ്യവസ്ഥകൾപ്രകാരം

രൂപീകരിക്കപ്പെട്ടിട്ടുള്ള ബോർഡിലെ ജീവനക്കാരിൽനിന്ന്, സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ബാധകമായ സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതിയിൽ അവരെക്കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ബോർഡിലെ ജീവനക്കാരെക്കൂടി സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്, സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് വേണ്ടി മാത്രം രൂപീകരിച്ച പെൻഷൻ പദ്ധതിയെ സംബന്ധിക്കുന്ന വ്യവസ്ഥകൾ, അതായത് പ്രസ്തുത ആക്റ്റിലെ 80 എ വകുപ്പ് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി സർക്കാർ, പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് (ഐ എ) ഖണ്ഡം, 18-ാം വകുപ്പ്, 80 എ വകുപ്പ് എന്നിവ ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2013 നവംബർ 22-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 നവംബർ 23-ാം തീയതിയിലെ 3293-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 55-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

സി. എൻ. ബാലകൃഷ്ണൻ.

(ശരിത്തർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1969-ലെ 21)

** ** ** **

2. നിർവ്വചനങ്ങൾ:—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ അതിന്റെ അംഗങ്ങൾക്കും, വ്യക്തികൾക്കും വായ്പ നൽകുന്നതിന് ഫണ്ടുകൾ സമാഹരിക്കുകയെന്ന പ്രധാന ഉദ്ദേശ്യമുള്ളതും ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, അങ്ങനെയുള്ള ജില്ലയിൽ ആസ്ഥാനം ഉള്ള ഏതൊരുതരത്തിലുംപെട്ട പ്രാഥമിക സംഘങ്ങളും ഫെഡറൽ സംഘങ്ങളും കേന്ദ്ര സംഘങ്ങളും അതിന്റെ അംഗങ്ങളായുള്ളതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു;".

** ** ** **

18. നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ.—(1) ഒരു സംഘത്തിന് ഏതൊരു വ്യക്തിയേയും നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്:

** ** ** **

** ** ** **

എന്നുമാത്രമല്ല ഒരു ആശുപത്രി സഹകരണ സംഘത്തിന് മറ്റേതെങ്കിലും സംഘത്തിനെ നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗമായി ചേർക്കാവുന്നതാണ്.

** ** ** **

80 എ. പെൻഷൻ പദ്ധതി.—(1) സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ഒരു പെൻഷൻ ഫണ്ട് ഏർപ്പെടുത്തുന്നതിലേക്കുവേണ്ടി ഗവൺമെന്റ് ഗസറ്റിൽ വിജ്ഞാപനംമൂലം അതിൽ വിനിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രകാരം ഒരു സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതി രൂപപ്പെടുത്താവുന്നതും വിവിധ വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങൾക്ക് ഈ പദ്ധതി ബാധകമാക്കുന്നതിന് വ്യത്യസ്ത തീയതികൾ നിർണ്ണയിക്കാവുന്നതുമാണ്.

(1എ) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള നിരക്കിലും അപ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി 1974 ജനുവരി ഒന്നിനും 1993 ജൂൺ മൂന്നിനും ഇടയിലുള്ള കാലയളവിൽ ഏതെങ്കിലും സംഘത്തിന്റെ സേവനത്തിൽനിന്നും വിരമിച്ചവരും ജീവിച്ചിരിക്കുന്നവരുമായ ആളുകൾക്ക്, പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ ലഭ്യമാക്കുന്നതിനായി പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സെൽഫ് ഫിനാൻസിംഗ് പെൻഷൻ പദ്ധതി പ്രകാരം ഏർപ്പെടുത്തപ്പെട്ട പെൻഷൻ ഫണ്ട് ഈ പദ്ധതിയിൽ പ്രത്യേകം പറഞ്ഞേക്കാവുന്ന പ്രകാരമുള്ള നികായത്തിലോ അധികാര സ്ഥാനത്തിലോ നിക്ഷിപ്തമായിരിക്കുന്നതും അതിനാൽ ഭരിക്കപ്പെടേണ്ടതുമാണ്.

**        **        **        **